# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: **ജയ്സൺ ജോസഫ്**

ഏപ്രിൽ 2025 | വാല്യം 52 ലക്കം 1

പേജ് 8 | വില 10.00 രൂപ

**UNITY** Monthly | April 2025 | Volume 52 Issue 1 | Chief Editor: JAISON JOSEPH | Page 8 | Price Rs. 10.00


# ചരിത്രം രചിക്കുന്ന ആശാസമരം






**ജനാധിപത്യപരമായ പ്രവർത്തനശൈലിയുടെ, രാഷ്ട്രീയപ്രബുദ്ധതയുടെ, ആത്മസമർപ്പണത്തിന്റെ ഉദാത്ത മാതൃകയാണ് ആശാസമരം. അത് സ്ത്രീശക്തിയുടെ കരുത്തും ജനകീയൈക്യത്തിന്റെ മഹത്വവും വിളംബരം ചെയ്യുന്നു. അനുകരണീയമായ ഈ പോരാട്ടം സമൂഹമാകെ ഏറ്റെടുത്തതിന്റെ കാരണവും അതുതന്നെയാണ്.**

ഇടതുപക്ഷ രാഷ്ട്രീയത്തെയും ജനാധിപത്യ മൂല്യങ്ങളെയും ശക്തിപ്പെടുത്തിക്കൊണ്ട്, ആശാ സമരം നമുക്ക് ഭാവിയെക്കുറിച്ച് വമ്പിച്ച പ്രതീക്ഷകൾ നൽകുന്നു. അവകാശനിഷേധങ്ങളിൽ ശ്വാസംമുട്ടിപ്പിടയുന്ന തൊഴിലാളികൾക്ക് സമരവീര്യം പകർന്നുകൊണ്ട്, ആയിരക്കണക്കിന് നിർദ്ധനരായ ആശമാർ കീഴടങ്ങാത്ത പോരാട്ടത്തിന്റെ മാർഗ്ഗം കാട്ടിത്തരുന്നു.

സംസ്ഥാനത്തെ ഇരുപത്തിയാറായിരത്തിലേറെവരുന്ന ആശാവർക്കർമാരുടെ അടിസ്ഥാന ആവശ്യങ്ങൾ ഉന്നയിച്ച് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ (KAHWA) ഫെബ്രുവരി പത്തിനാണ് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനുമുന്നിൽ രാപകൽ സമരത്തിന് തുടക്കം കുറിച്ചത്. ഓണറേറിയം 21000 രൂപയായി വർദ്ധിപ്പിക്കുക, എല്ലാ മാസവും അഞ്ചാം തീയതിക്കുള്ളിൽ ഓണറേറിയം നൽകുക, അഞ്ച് ലക്ഷം രൂപ വിരമിക്കൽ ആനുകൂല്യം നൽകുക, വിരമിക്കുന്നവർക്ക് പെൻഷൻ അനുവദിക്കുക തുടങ്ങിയ ഡിമാന്റുകൾ ഉയർത്തിയാണ് അവർ സമരം ചെയ്യുന്നത്.

നല്ല പരിശീലനത്തിനുശേഷം മാത്രം ചെയ്യാവുന്ന, വിദഗ്ധ തൊഴിൽ എന്ന് പരിഗണിക്കാവുന്ന, ദിവസം 12 മണിക്കൂറിലേറെ, ലീവ് ഇല്ലാതെ ചെയ്യുന്ന ഈ പണിക്ക് പ്രതിദിനം പ്രതിഫലമായിനൽകുന്ന 233 രൂപ അപമാനകരമാം വിധം തുച്ഛമാണ്. സർക്കാർതന്നെസംസ്ഥാനത്ത് പ്രഖ്യാപിച്ചിരിക്കുന്ന പ്രതിദിന മിനിമം വേതനം 700രൂപയാണ്. 2021ലെ എൽ

(ശേഷം 2-ാം പേജിൽ)



കോരിച്ചൊരിയുന്ന മഴയിലും സമരാവേശം ഒട്ടും ചോരാതെ സെക്രട്ടേറിയറ്റ് ഉപരോധിക്കുന്ന ആശമാർ.

# ആശാസമരത്തോട് സർക്കാർ സ്വീകരിക്കുന്ന സമീപനം ജനാധിപത്യവിരുദ്ധം

**ഫെബ്രുവരി 15 - കുടുംബ സംഗമം**




കേരളാ ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.മിനി കുടുംബസംഗമത്തെ അഭിസംബോധന ചെയ്യുന്നു.

**ഫെബ്രുവരി 20 - മഹാസംഗമം**




രാപകൽ സമരത്തിന്റെ പതിനൊന്നാം ദിവസമായ ഫെബ്രുവരി 20ന് സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന മഹാസംഗമത്തിൽനിന്ന്.

**മാർച്ച് 3 - നിയമസഭാ മാർച്ച്**



മാർച്ച് 3ന് സംഘടിപ്പിച്ച നിയമസഭാ മാർച്ച്.

**മാർച്ച് 8 - വനിതാ സംഗമം**




സമരപന്തലിൽ നടന്ന സാർവ്വദേശീയ വനിതാദിനാചരണം സംവിധായിക പരോമിത വോഹ്റ ഉദ്ഘാടനം ചെയ്യുന്നു.

**മാർച്ച് 20 മുതൽ ആരംഭിച്ച അനിശ്ചിതകാല നിരാഹാരം**



മാർച്ച് 20ന് എം.എ.ബിന്ദു, കെ.പി.തങ്കമണി, ആർ.ഷീജ എന്നിവർ അനിശ്ചിതകാല നിരാഹാര സമരത്തിന് തുടക്കം കുറിക്കുന്നു.

*(1-ാം പേജിൽ നിന്ന്)*

ഡിഎഫ് പ്രകടനപത്രിക വാഗ്ദാനം ചെയ്യുന്ന ഈ തുകമാത്രമേ ആശാവർക്കർമാർ ആവശ്യപ്പെടുന്നുള്ളൂ. ആശമാർക്ക് യാത്രാബത്തയില്ല. പ്രതിദിനം ശരാശരി നൂറുരൂപയോളം ചെലവാക്കിയാണ് ആശമാർ പ്രവർത്തിക്കുന്നത്. ഈ സാഹചര്യത്തിലാണ് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ എന്ന സ്വതന്ത്ര സംഘടന, ഒരു ട്രേഡ് യൂണിയനിലും അഫിലിയേറ്റ് ചെയ്തിട്ടില്ലാത്ത സ്ത്രീ തൊഴിലാളികളുടെ സംഘടന, തുച്ഛമായ ഓണറേറിയത്തിൽ വർദ്ധന വേണമെന്നും വിരമിക്കൽ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കണമെന്നും ഈ വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്നതിനു മുമ്പുതന്നെ എൽഡിഎഫ് സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടത്. സമരം ആരംഭിക്കുമ്പോൾ നവംബർ മുതൽ മൂന്നു മാസത്തെ ഓണറേറിയവും നാലുമാസത്തെ ഇൻസെന്റീവും കുടിശ്ശികയായിരുന്നു. ബജറ്റിൽ ഇത് പരാമർശിക്കുകപോലും ചെയ്യാതിരുന്നതോടെയാണ് പ്രത്യക്ഷ സമരത്തിന് അവർ നിർബ്ബന്ധിതരായത്.

സമരം ആറാഴ്ചകൾ പിന്നിട്ട് അനിശ്ചിതകാല നിരാഹാര സമരമായി മുന്നേറുന്നു. കഴിഞ്ഞ 11 വർഷമായി കേരളത്തിൽ പ്രവർത്തിക്കുന്ന ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ നിരവധി സമരങ്ങൾ സംസ്ഥാന സർക്കാരിനെതിരെയും കേന്ദ്ര സർക്കാരിനെതിരെയും നടത്തി പതംവന്ന തൊഴിലാളി സംഘടനയാണ്. സ്ഥിരവരുമാനക്കാരായ ഉദ്യോഗസ്ഥരുടെ യഥാർത്ഥ വരുമാനത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 1.7 ശതമാനം ഇടിവുണ്ടായതായി നീതി ആയോഗ് അംഗം അരവിന്ദ് വീരമണി സമ്മതിക്കുന്നു.(ദ ഹിന്ദു, മാർച്ച് 11, 2025) അപ്പോൾ തുച്ഛവരുമാനക്കാരായ ആശമാരുടെയും മറ്റും കാര്യം പറയാനുണ്ടോ?

### ആശമാരുടെ വേതനത്തിന്റെ ഉത്തരവാദിത്തം കേന്ദ്രത്തിനോ സംസ്ഥാനത്തിനോ?

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ആശമാരുടെ വേതനത്തിലെ പ്രധാനപങ്ക് ഓണറേറിയമാണ്. അത് സംസ്ഥാന സർക്കാരിന്റെ ചുമതലയിലാണ്. ഇൻസെന്റീവ് കേന്ദ്രഗവൺമെന്റാണ് നൽകുന്നത്. ഓണറേറിയം ഓരോ സംസ്ഥാനത്തും വ്യത്യസ്തമാണ്. ഇൻസെന്റീവിന്റെയും ഓണറേറിയത്തിന്റെയുംപേരിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പലപ്പോഴും ആശമാരെ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കുന്നു. ആരോഗ്യപരിപാലനം സംസ്ഥാന സർക്കാരിന്റെ ചുമതലയിലാണ്. സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെ കീഴിൽ നിർവ്വഹിക്കേണ്ട ഉത്തരവാദിത്തങ്ങൾ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നിർവ്വഹിക്കുന്നു എന്നതിനാലും ആരോഗ്യവിഷയം സംസ്ഥാന പട്ടികയിൽ പെടുന്നതിനാലും കേരളത്തിലെ ആശമാർക്ക് മതിയായ വേതനം നൽകുന്നതിനോ, അവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിനോ യാതൊരു നിയമ തടസ്സവുമില്ല. അവരെ നിയമിക്കുന്നത് സംസ്ഥാന സർക്കാരിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളാണ്. സമരം ചെയ്യുമ്പോൾ പിരിച്ചുവിടുമെന്ന് ഭീഷണിപ്പെടുത്തുന്ന സർക്കാർ വേതന വർദ്ധനവ് ചോദിക്കുമ്പോൾ കേന്ദ്രത്തോട് ചോദിക്കാൻ പറയുന്നതിലെ ന്യായമെന്താണ്?

പണിയെടുക്കുന്നവരെ സംബന്ധിച്ച് അവർ ചെയ്ത പണിക്ക് നിയമവും ന്യായവും മാനുഷിക പരിഗണനയും പരിഷ്കൃത ജീവിത ആവശ്യകതയും പരിഗണിച്ച് പ്രതിഫലം നൽകുക എന്നത് ഒരു തർക്ക വിഷയമാക്കാൻ പാടില്ല. പതിനെട്ടുവർഷമായി വർദ്ധിപ്പിച്ചിട്ടില്ലാത്ത ഇൻസെന്റീവ് കേന്ദ്രം ഉടൻ വർദ്ധിപ്പിക്കേണ്ടതുണ്ട്. കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ഉൾപ്പെടെയുള്ള സംഘടനകൾ ഈ വിഷയത്തിൽ പാർലമെന്റ് മാർച്ച് അടക്കം നിരവധി സമരപരിപാടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഓണറേറിയം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെടുമ്പോൾ കേന്ദ്രത്തോട് ചോദിക്കണം എന്നു പറയുന്നത് ഓണറേറിയം വർദ്ധിപ്പിക്കുന്നതിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള ഗൂഢാലോചനയാണ്.

### സംസ്ഥാന സർക്കാർ സമരത്തോട് സ്വീകരിച്ചിരിക്കുന്ന നിലപാട് ജനാധിപത്യവിരുദ്ധം

സംസ്ഥാന സർക്കാരിന്റെ സമരത്തോടുള്ള സമീപനം അങ്ങേയറ്റം നിഷേധാത്മകമാണ്. ആരംഭത്തിൽ സർക്കാർ തീർത്തും അവഗണിക്കുകയും അനാവശ്യ സമരം എന്ന് ആരോഗ്യമന്ത്രിതന്നെ പ്രസ്താവിക്കുകയും ചെയ്തു. സമരത്തിന് ആശമാരുടെയും ബഹുജനങ്ങളുടെയും മാധ്യമങ്ങളുടെയും പിന്തുണ വൻതോതിൽ വർദ്ധിച്ചതോടെ മന്ത്രിമാർ അധിക്ഷേപവാക്കുകളുമായി രംഗത്തിറങ്ങി. ആരോഗ്യമന്ത്രിയെ കാണാനായി വീട്ടിലെത്തിയ സംഘടനാനേതാക്കളെ കാണാൻ വിസമ്മതിച്ചു. ആവശ്യങ്ങൾ അടങ്ങിയ നിവേദനങ്ങളും സമര നോട്ടീസുകളും പണിമുടക്ക് നോട്ടീസും നൽകി പണിമുടക്കിന് ഇറങ്ങിയ ആശമാർക്ക് യാതൊരു മറുപടിയും നൽകാതെ പിരിച്ചുവിടൽ ഭീഷണി മുഴക്കുകയും പകരം ആളെ നിയോഗിക്കാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. സമരത്തെ ഭയപ്പെടുത്തി തളർത്തുക എന്ന ലക്ഷ്യത്തോടെ, സമരം ആരംഭിച്ച ദിവസം മുതൽ പോലീസ് കേസുകളും ചുമത്താൻ തുടങ്ങി. സമരത്തെ പിന്തുണയ്ക്കാനെത്തിയവർക്കെതിരെയും കേസെടുത്തു.

സമരക്കാരെ ചർച്ചയ്ക്കു വിളിച്ചു എന്നു വരുത്തിത്തീർത്ത് സമരം പിൻവലിക്കാൻ സാരോപദേശം നൽകുകയാണ് ആരോഗ്യമന്ത്രി ചെയ്തത്. മുഖ്യമന്ത്രിയാകട്ടെ സമരത്തെ കണ്ടതായേ ഭാവിക്കുന്നില്ല. കേന്ദ്ര ധനകാര്യ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിട്ടും ആശമാർക്കുവേണ്ടി അദ്ദേഹം ഒരക്ഷരം ഉരിയാടിയില്ല. ആരോഗ്യമന്ത്രിയാകട്ടെ കേന്ദ്ര ആരോഗ്യമന്ത്രിയെ കാണാനെന്നുപറഞ്ഞ് ഡൽഹിക്ക് പോയത് ക്യൂബൻ സംഘത്തെ വരവേൽക്കാനായിരുന്നു. യുപിയും മഹാരാഷ്ട്രയും മാത്രമാണ് ആശമാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതെന്ന് കേന്ദ്ര ആരോഗ്യമന്ത്രി പാർലമെന്റിൽ പറയുകയും ചെയ്തു. എത്ര കുറ്റകരമായ അനാസ്ഥയാണ് കേരളസർക്കാരിന്റേത് എന്ന് നോക്കുക. തുടക്കംമുതൽ സമരനേതൃത്വത്തിനെതിരെ അധി

*(ശേഷം 3-ാം പേജിൽ)*

# ജനസമരങ്ങളെയും ഇടതുപക്ഷ രാഷ്ട്രീയത്തെയും ആശാസമരം ശക്തിപ്പെടുത്തും

മാർച്ച് 23 - സെക്രട്ടേറിയറ്റ് ഉപരോധം



കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ ഉപരോധ സമരം ഉദ്ഘാടനം ചെയ്യുന്നു.

(2–ാം പേജിൽ നിന്ന്)

ക്ഷേപവുമായി രംഗത്തുവന്ന സിഐറ്റിയു, സിപിഐ(എം) നേതാക്കൾ ബദൽ സമര പ്രഹസനങ്ങളും നടത്തുന്നുണ്ട്.

സമരങ്ങളെല്ലാം ഏതെങ്കിലും പാർട്ടിയുടെ അല്ലെങ്കിൽ മുന്നണിയുടെ മേൽവിലാസത്തിൽ മാത്രം എന്നതാണ് സമൂഹം ദീർഘകാലമായി കണ്ടുവരുന്നത്. അതുകൊണ്ടുതന്നെ ഏത് സമരമുയർന്നുവന്നാലും ഏതുപാർട്ടിയുടെ കാർമ്മികത്വത്തിൽ എന്ന ചോദ്യം ഉന്നയിക്കപ്പെടും. എന്നാൽ കേരളത്തിൽ കഴിഞ്ഞ ഒന്നുരണ്ടു പതിറ്റാണ്ടായി നടക്കുന്ന സമരങ്ങൾ ശ്രദ്ധിച്ചാൽ അവയൊന്നും പാർട്ടിവിലാസം സമരങ്ങളായിരുന്നില്ലെന്ന് കാണാം. പാർട്ടിവിലാസം സമരങ്ങൾ അധികാരക്കസേരകൾ ലാക്കാക്കിയുള്ള കസർത്തുകളായി അധഃപതിക്കുന്നതും കക്ഷിരാഷ്ട്രീയത്തിനും ജാതി–മത പരിഗണനകൾക്കുമൊക്കെ അതീതമായ ജനകീയ സമരങ്ങൾ ഡിമാന്റുകൾ നേടിയെടുക്കുന്നതും നമ്മുടെ അനുഭവമാണ്. മൂലമ്പിള്ളി, വിളപ്പിൽശാല, ചെങ്ങറ, കരിമണൽ, ചുങ്കപ്പാത, കെ–റെയിൽ തുടങ്ങി നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. ലഹരിക്കെതിരെ, സ്ത്രീ പീഡനങ്ങൾക്കെതിരെ, അഴിമതിക്കെതിരെ, വർഗ്ഗീയ സ്പർദ്ധക്കെതിരെയൊക്കെ ഇത്തരം ജനകീയ മുന്നേറ്റങ്ങളാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. ഇത് അരാഷ്ട്രീയ സമരങ്ങളല്ല. പുതിയൊരു രാഷ്ട്രീയത്തിന്റെ, കാലഘട്ടം ആവശ്യപ്പെടുന്ന ചെറുത്തുനിൽപ്പിന്റെ, കക്ഷിരാഷ്ട്രീയ ജീർണതയ്ക്കെതിരായ ബദൽ പ്രവാഹത്തിന്റെ ഉയർത്തെഴുന്നേല്പാണ്.

സമരത്തെ പിന്തുണയ്ക്കുന്നവരെ ചൂണ്ടിക്കാണിച്ച് ഈ സമരം അവർ നയിക്കുന്നതാണ് എന്നൊരു വിചിത്രവാദം ഇപ്പോൾ ഉന്നയിക്കുന്നുണ്ട്. കേരളത്തിലെ ഏതാണ്ട് നൂറ്റമ്പതോളം സംഘടനകളും അനേകം പ്രമുഖ വ്യക്തികളും ഈ സമരത്തെ പരസ്യമായി പിന്തുണയ്ക്കുന്നു. സമരത്തിൽ പങ്കെടുക്കാൻ കഴിയാത്ത ആശമാരും ജനങ്ങളിൽ ബഹുഭൂരിപക്ഷവും ഈ സമരത്തോടൊപ്പമാണ്. അവരാരും ഈ സമരത്തെ നയിക്കുന്നവരല്ലെന്നും ന്യായമായ ഡിമാന്റ്, ജനാധിപത്യപരമായ പ്രവർത്തനശൈലി, ത്യാഗസന്നദ്ധത തുടങ്ങിയവയാൽ ആകൃഷ്ടരായവരാണെന്നും അരിയാഹാരം കഴിക്കുന്നവർക്കെല്ലാം അറിയാമല്ലോ. ഒരു സംഘടനയുടെ വലുപ്പം, സാമ്പത്തിക ശേഷി, ഭരണത്തിലുള്ള സ്വാധീനം ഇവയൊന്നുമല്ല ശരിതെറ്റുകൾ നിർണയിക്കുന്നത് എന്നും അല്പമെങ്കിലും ചിന്താശേഷിയുള്ളവർക്ക് മനസ്സിലാവും. എന്നിട്ടും ആക്രമണങ്ങൾ തുടരുകയാണ്.

ആശാവർക്കേഴ്സിന്റെ നേതൃത്വം ആർക്കായിരിക്കണം, അവർ ഏത് ഗവണ്മെന്റിനോട് ആവശ്യങ്ങൾ ഉന്നയിക്കണം തുടങ്ങിയ കാര്യങ്ങളൊക്കെ തീരുമാനിക്കാൻ അവർക്കുമാത്രമാണ് അധികാരം. അക്കാര്യത്തിൽ മറ്റേതെങ്കിലും സംഘടന ആജ്ഞകൾ പുറപ്പെടുവിക്കുന്നത് ജനാധിപത്യത്തിന് നിരക്കുന്നതാണോ? ഞങ്ങൾ ഭരിക്കുമ്പോൾ ഒരു സമരവും പാടില്ലെന്ന് പ്രഖ്യാപിക്കുന്നത്, അശരണരുടെ വിലാപങ്ങൾ സർക്കാരിനെ അട്ടിമറിക്കാനുള്ള ഗൂഢനീക്കമെന്ന് വിധിയെഴുതുന്നത് ആരെ കബളിപ്പിക്കാനാണ്? കേന്ദ്രത്തെ കുറ്റംപറഞ്ഞ് ജനങ്ങളുടെ പ്രാഥമികമായ സാമ്പത്തിക ഡിമാന്റുകൾപോലും നിഷേധിക്കുന്നത് എക്കാലവും ജനങ്ങൾ സഹിച്ചുകൊള്ളും എന്നാണോ ഇക്കൂട്ടർ കരുതുന്നത്? കെഎസ്ആർടിസിയെ രക്ഷിക്കാൻ തൊഴിലാളികൾ ത്യാഗംചെയ്യണം എന്നൊരു വാദഗതി ഒരിക്കൽ ഇവർ ഉയർത്തിയതു് ഓർക്കുമല്ലോ. ഗവണ്മെന്റിന്റെയും മാനേജ്മെന്റിന്റെയും ട്രേഡ് യൂണിയൻ നേതൃത്വത്തിന്റെയുമൊക്കെ പാതകങ്ങൾക്ക് തൊഴിലാളികൾ ഉത്തരവാദികളാകണം എന്നത് എന്തുതരം വാദമാണ്? ഇന്ന് കെഎസ്ആർടിസിയെ ഇവർ ഏത് പതനത്തിലാണ് എത്തിച്ചിരിക്കുന്നതെന്ന് നമ്മൾ കാണുന്നുണ്ടല്ലോ?

കേരളം തൊഴിൽസമരങ്ങളുടെ ചുടണയുന്ന നാടായി മാറുന്നു എന്ന് അടുത്തിടെയാണ് ഒരു മലയാളപത്രം ചൂണ്ടിക്കാണിച്ചത്. എൽഡിഎഫ് ഭരിക്കുമ്പോൾ സമരങ്ങൾ ആവശ്യമില്ലല്ലോ! പതിവിനുവിരുദ്ധമായി രണ്ട് തവണ തുടർച്ചയായി ഭരിച്ചതോടെ സമരങ്ങൾ പിൻവാങ്ങി. ഇനി അടുത്ത തവണ പ്രതിപക്ഷത്താണെങ്കിൽ ചില സമരങ്ങൾ പ്രതീക്ഷിക്കാം. എന്നാൽ അവ അവകാശങ്ങൾ സ്ഥാപിച്ചെടുക്കാനോ ഇടതുപക്ഷ രാഷ്ട്രീയത്തെ ശക്തിപ്പെടുത്താനോ ആയിരിക്കും എന്നു കരുതിയാൽ തെറ്റി. വീണ്ടും അധികാരം പിടിച്ചെടുക്കാനുള്ള ഒരു ചുവടുവയ്പ്പ് എന്ന ധർമ്മമേ ഇത്തരം സമരങ്ങൾ നിർവ്വഹിക്കൂ. പണിയെടുത്തു ജീവിക്കുന്നവരാകെ പലവിധത്തിൽ അവകാശങ്ങൾ നഷ്ടപ്പെട്ട് അടിമ സമാനമായ സ്ഥിതിയിലേയ്ക്കു പോകുന്നു എന്ന അപകടം മാത്രമല്ല ഇതിലുള്ളത്. സമരവിരുദ്ധ മനോഭാവം സമൂഹത്തിന്റെ ജനാധിപത്യ അന്തരീക്ഷത്തെക്കൂടി കാർന്നുതിന്നുന്നുണ്ടെന്നതും ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചാൽ കാണാൻ കഴിയും.

യൂസഫലിയെ 'കേരളത്തിന്റെ ബ്രാൻഡ് അംബാസിഡർ' ആയിപ്രഖ്യാപിക്കുകയും അദാനിക്കുവേണ്ടി കേരളത്തിന്റെ ഖജനാവിൽനിന്ന് പണമൊഴുക്കുകയും ചെയ്യുന്നു. മറുവശത്ത് പാവപ്പെട്ട തൊഴിലാളിക്ക് മിനിമം കൂലി നൽകാതിരിക്കുകയും സർക്കാർ ജീവനക്കാരിൽനിന്ന് എഴുപതിനായിരം കോടി പിടിച്ചുവെക്കുകയും ക്ഷേമ പെൻഷനുകൾപോലും നൽകാതിരിക്കുകയും ചെയ്യുന്ന ഇക്കൂട്ടർ തികഞ്ഞ തൊഴിലാളി വിരുദ്ധരായി അധ:പതിച്ചിരിക്കുന്നു. തൊഴിലാളികളും ഇടതു ബോധമുള്ളവരും സ്വന്തം പാർട്ടി അണികളും തെളിമയോടെ അത് മനസ്സിലാക്കി വരികയാണ്. സാമൂഹ്യമാറ്റത്തിന്റെ നിയമങ്ങൾക്കൊത്ത് ചരിത്രം മുന്നേറുമ്പോൾ മൂലധനശക്തികളുടെ ഈ കൂട്ടാളികൾ അപ്രസക്തമാവും എന്നത് ചരിത്രനിയോഗമാണ്.

ക്രിമിനൽ മൂലധന നിക്ഷേപം ആകർഷിക്കാൻവേണ്ടി നടത്തുന്ന ലോകബാങ്ക് പദ്ധതിയായ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' ആണ് തങ്ങളെ നയിക്കുകയെന്ന് സത്യപ്രതിജ്ഞാവേളയിൽതന്നെ പ്രഖ്യാപിച്ചുകൊണ്ട് അധികാരമേറ്റ പിണറായി സർക്കാർ അതിന്റെ നടത്തിപ്പുമായി മുന്നോട്ടുപോവുകയാണ്. തൊഴിലാളികളെ അടിമസമാനം ചൂഷണത്തിന് വിധേയപ്പെടുത്തുക എന്നതാണ് അതിൽ പ്രധാന ഇനം. ഏറ്റവും വിദഗ്ധരായ, ഉന്നതവിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിലാളികളെയും തൊഴിൽ രഹിതരായ യുവാക്കളെയും, ഭരണകൂടതാല്പര്യത്തിന് വിധേയപ്പെട്ട ട്രേഡ് യൂണിയനുകളെയും അവർ മൂലധനശക്തികൾക്കുമുന്നിൽ അവതരിപ്പിക്കുന്നു. എത്ര തുച്ഛമായ വേതനം നൽകിയാലും മതി, അതുതന്നെ എപ്പോഴെങ്കിലും നൽകിയാൽ മതി, എത്രനേരം വേണമെങ്കിലും പണിയെടുപ്പിക്കാം, ചോദിക്കാനും പറയാനും തൊഴിൽ വകുപ്പോ, തൊഴിലാളി സംഘടനകളോ ഉണ്ടാവില്ല എന്ന സന്ദേശമാണ് സ്വദേശ, വിദേശ മുതലാളിമാരുടെ മുന്നിൽ വയ്ക്കാൻ പിണറായി സർക്കാർ ശ്രമിക്കുന്നത്. കെഎസ്ആർടിസിയിലും ഇതര സർക്കാർ മേഖലകളിലും അത് സ്വന്തം കാർമികത്വത്തിൽ, സ്വന്തം വരുതിയിലുള്ള സംഘടനകളെക്കൂടി ഉപയോഗപ്പെടുത്തി നടപ്പിലാക്കി ലോകത്തോട് വിളംബരം ചെയ്യു

(ശേഷം 4–ാം പേജിൽ)




തൃശ്ശൂർ കളക്ടേറ്റ് ധർണ്ണ സാറ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.



എറണാകുളത്ത് നടന്ന ഐക്യദാർഢ്യ സംഗമം പ്രൊഫ. കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു.




പാലക്കാട് വണ്ടിത്താവളത്ത് നടന്ന ആശമാരുടെ സംഗമം എഐയുറ്റിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്യുന്നു.




കണ്ണൂർ കമ്പിൽ ബസാറിൽ നടന്ന ഐക്യദാർഢ്യസംഗമംഎൻ.സുബ്രഹ്മണ്യൻഉദ്ഘാടനം ചെയ്യുന്നു.



ആലപ്പുഴ നീരേറ്റുപുറത്ത് നടന്ന ഐക്യദാർഢ്യ സംഗമത്തിൽ ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി ടി.മുരളി പ്രസംഗിക്കുന്നു.




കൂട്ടഉപവാസത്തെ പിന്തുണച്ചുകൊണ്ട് എറണാകുളത്ത് നടന്ന സത്യാഗ്രഹത്തിൽ പ്രൊഫ.കെ.അരവിന്ദാക്ഷൻ പ്രസംഗിക്കുന്നു.

# മഹാഭൂരിപക്ഷം ജനങ്ങളും ഒറ്റക്കെട്ടായി ആവശ്യപ്പെടുന്നു ആശാസമരം ഒത്തുതീർപ്പാക്കുക

*(3–ാം പേജിൽ നിന്ന്)*

കയാണ് പിണറായി സർക്കാർ. ആശമാരോട് കാട്ടുന്നതും ഇതേ സമീപനമാണ്. ഇതൊക്കെ കണക്കിലെടുത്താണ് ലോകബാങ്കും കേന്ദ്ര ഗവൺമെന്റും 'ഈസ് ഓഫ് ഡൂയിങ് ബിസിനസി'ൽ കേരളത്തിന് ഒന്നാം റാങ്ക് നൽകിയിരിക്കുന്നത്.

### സംസ്ഥാനസർക്കാർ പൊതുജനാഭിപ്രായം അവഗണിക്കുന്നു

ഇടതുജനാധിപത്യമുന്നണിയിൽ ആർജെഡിയും സിപിഐയുംപോലുള്ള ഘടകകക്ഷികൾ ആശാസമരം ഒത്തുതീർപ്പാക്കുവാൻ മുഖ്യമന്ത്രി മുൻകൈയെടുക്കണം എന്നാവശ്യപ്പെട്ടു. നിയമസഭയിൽ പ്രതിപക്ഷം സമരം ഒത്തുതീർപ്പാക്കണം എന്ന് പലവട്ടം ആവശ്യപ്പെട്ടു. കവി സച്ചിദാനന്ദനും കരീപ്പുഴ ശ്രീകുമാറുമുൾപ്പെടെയുള്ള പൊതുസമ്മതരായ വ്യക്തിത്വങ്ങൾ സമരം അവസാനിപ്പിക്കുവാൻ സർക്കാർ മുൻകൈയെടുക്കണം എന്നാവശ്യപ്പെട്ടു. നൂറ്റമ്പതോളം സംഘടനകൾ സമരത്തിനുപിന്തുണയുമായി പന്തലിലെത്തി. ഇത്രയുംവലിയ പൊതുജനാഭിപ്രായത്തെയാണ് പിണറായി സർക്കാർ അവഗണിക്കുന്നത്.

### ആശാസമരം ജനസമരങ്ങളെയും ഇടതുപക്ഷരാഷ്ട്രീയത്തെയും ശക്തിപ്പെടുത്തും

ഏതുകാരണത്തിന്റെ പേരിലായാലും ആശാ സമരത്തെ എതിർത്ത ഇടതുപക്ഷ സുഹൃത്തുക്കളുടെ രാഷ്ട്രീയമനസ്സാക്ഷിയോട് ആത്മാർത്ഥമായി ഒരു ചോദ്യം ഉന്നയിക്കട്ടെ. രാജ്യത്തെ വ്യവസ്ഥാപിത ഇടതുപക്ഷം വിട്ടുവീഴ്ചയില്ലാത്ത ഒരു പോരാട്ടത്തിന്റെ ദൗത്യം നിർവ്വഹിക്കുന്നുണ്ടോ? അപമാനകരമാംവിധം വ്യവസ്ഥിതിക്ക് കീഴടങ്ങിക്കൊണ്ട്, സുരക്ഷിത മണ്ഡലത്തിൽ രാഷ്ട്രീയപ്രവർത്തനം നടത്തി, പാർലമെന്ററി സൗഭാഗ്യങ്ങൾക്കായി ലജ്ജാകരമായ ഒത്തുതീർപ്പുകൾക്ക് വഴങ്ങുന്ന ഒരു കാഴ്ചയല്ലേ നാം കാണുന്നത്? ഇടതെന്നും കമ്മ്യൂണിസ്റ്റെന്നുമൊക്കെയുള്ള അവകാശവാദങ്ങൾ വെറും വാചാടോപം മാത്രമല്ലേ? കക്ഷിവിധേയത്വങ്ങളൊന്നുമില്ലാതെ, മുകളിൽ സൂചിപ്പിച്ച പ്രസ്താവന സത്യസന്ധമായി പരിശോധിക്കണമെന്ന് ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

> **തൊഴിൽ നിയമങ്ങളെല്ലാം കുഴിവെട്ടി മൂടിയതുവഴി നിരായുധരാക്കപ്പെട്ടിരിക്കുന്നു തൊഴിലാളികൾ. ഇപ്രകാരം അവകാശനിഷേധങ്ങളുടെയും അടിച്ചമർത്തലിന്റെയും പൊരുതിനേടിയെടുത്ത ട്രേഡ് യൂണിയൻ അവകാശങ്ങൾ തകർക്കപ്പെടുന്നതിന്റെയും മലവെള്ളപ്പാച്ചിൽ കണ്ട് പകച്ചുനിൽക്കുകയാണ് തൊഴിലാളികൾ. എന്തുകൊണ്ട് രാജ്യത്ത് തൊഴിലാളികളുടെ സമരങ്ങൾ ഉയർന്നുവരുന്നില്ല? രാജ്യമെമ്പാടും അവകാശപ്പോരാട്ടങ്ങൾ തിരിച്ചടി നേരിടുമ്പോൾ രാജ്യത്തെവിടെയും സമരങ്ങൾ വളർത്തിയെടുത്തുകൊണ്ടും വളർന്നുവരുന്ന സമരങ്ങളോടൊപ്പം നിലകൊണ്ടും മാത്രമേ ഇടതുപക്ഷ രാഷ്ട്രീയത്തെ ശക്തിപ്പെടുത്താനാകൂ.**

ഇടതുരാഷ്ട്രീയമെന്നു പറയുന്നത് ഏതെങ്കിലും രാഷ്ട്രീയകക്ഷിയോ മുന്നണിയോ അല്ല. മുതലാളിത്തനയങ്ങൾക്കെതിരായ അചഞ്ചലമായ, കീഴടങ്ങാത്ത പോരാട്ടത്തിന്റെ നിലപാടാണ് ഇടതുരാഷ്ട്രീയം. വർഗ്ഗ-ബഹുജന സമരങ്ങളെ ശക്തിപ്പെടുത്താനായി നിതാന്ത ജാഗ്രതയോടെ കൈക്കൊള്ളുന്ന കർമ്മ പരിപാടിയാണ് ഇടതുരാഷ്ട്രീയത്തിന്റെ ഉള്ളടക്കം.

ആശാസമരം ഇടതുചേരിയെ ദുർബ്ബലമാക്കുന്നു എന്ന വിമർശനം നമുക്കൊന്ന് സത്യസന്ധമായി പരിശോധിക്കാം. വ്യവസ്ഥാപിത ഇടതുചേരിക്ക് പുറത്തുനിൽക്കുന്ന എസ്‌യുസിഐ പോലുള്ള പാർട്ടികളുടെ നിലപാടുകൾ വഴിയാണോ ഇടതുചേരി ദുർബ്ബലമാകുന്നത്. ഒരു കാരണവശാലുമല്ല. വ്യവസ്ഥാപിത ഇടതുപക്ഷം ഇന്ന് നേരിടുന്ന തിരിച്ചടികൾക്ക് സ്വന്തം ചെയ്തികൾ എന്തുപങ്ക് വഹിക്കുന്നുവെന്ന് ആത്മപരിശോധന നടത്താൻ തയ്യാറാകണം. രാജ്യത്തെ ഇടതുപക്ഷത്തിന്റെ വിശ്വാസ്യത വൻതോതിൽ നഷ്ടമായതിന്റെ പ്രധാനകാരണം അവരുടെതന്നെ ചെയ്തികളാണെന്ന് വ്യക്തമാണ്. അധികാരത്തിലിരുന്നുകൊണ്ട് ബംഗാളിൽ നടപ്പാക്കിയ നയങ്ങൾ, ഇപ്പോൾ കേരളത്തിൽ തുടരുന്ന നയങ്ങൾ ഇടതുപക്ഷ രാഷ്ട്രീയത്തിന് അളവറ്റ ആഘാതം ഏൽപ്പിക്കുകയാണ്.

സ്വകാര്യമൂലധനത്തിന്റെ വികസനം ലക്ഷ്യമിട്ടുകൊണ്ട്, മുതലാളിത്ത ഗവൺമെന്റുകൾ കഴിഞ്ഞ മൂന്നരപതിറ്റാണ്ടായി നടപ്പാക്കുന്ന ഉദാരവൽക്കരണനയങ്ങൾ സ്വന്തം നയമായി സ്വീകരിച്ച എന്നിടത്താണ് ഇടതുരാഷ്ട്രീയത്തകർച്ചയുടെ തുടക്കം. ഏതുവിധേനയും മൂലധന നിക്ഷേപം വർദ്ധിപ്പിക്കുക എന്ന വലതുപക്ഷത്തിന്റെ ഒറ്റമൂലിപ്രയോഗം തന്നെയാണ് വ്യവസ്ഥാപിത ഇടതുചേരിയുടെയും പരിപാടി. മുതലാളിത്ത നയങ്ങൾക്കെതിരെ സമൂഹത്തിൽ രൂപംകൊള്ളുന്ന പ്രതിഷേധത്തെയും അസംതൃപ്തിയെയും പ്രതിനിധാനം ചെയ്യാൻ സിപിഐ(എം) ഉൾപ്പടെയുള്ള ഇടതുകക്ഷികൾ പൂർണ്ണമായും പരാജയപ്പെട്ടിടത്താണ് ഇടതുരാഷ്ട്രീയം തിരിച്ചടിനേരിടുന്നത്. മുതലാളിത്ത വികസനത്തിന്റെ കണ്ണിൽച്ചോരയില്ലാത്ത നയങ്ങൾക്കിരയായി സ്വന്തം മണ്ണിൽനിന്നും തൊഴിലിൽനിന്നും പുറത്താക്കപ്പെടുന്ന പാവപ്പെട്ട മനുഷ്യരുടെ പ്രക്ഷോഭങ്ങൾ രാജ്യമെമ്പാടും ഉയർന്നുവരുന്നുണ്ട്. ആ പ്രക്ഷോഭങ്ങളോട് ഐക്യപ്പെടുന്നതിൽ വ്യവസ്ഥാപിത ഇടതുപക്ഷം പരാജയപ്പെടുകയാണ്. ജനകീയ പ്രക്ഷോഭങ്ങളുടെ പാത കൈവെടിഞ്ഞ് പാർലമെന്ററി രാഷ്ട്രീയമെന്ന തിരികുറ്റിയിൽ കിടന്നുകറങ്ങുകയാണ് വ്യവസ്ഥാപിത ഇടതുപ്രസ്ഥാനങ്ങൾ. ചില സംസ്ഥാനങ്ങളിൽ കുടിയിറക്കലിനെതിരെ നടക്കുന്ന സമരങ്ങളിൽ സിപിഐ(എം) തുടങ്ങിയ കക്ഷികൾ പങ്കെടുക്കുന്നതും പാർലമെന്ററി രാഷ്ട്രീയത്തിന്റെ കണക്കുകൂട്ടൽ മാത്രം മുൻനിർത്തിയാണ്.

തൊഴിലവകാശങ്ങളെല്ലാം നിഷേധിക്കപ്പെട്ട് നിരായുധരാക്കപ്പെട്ട തൊഴിലാളിവർഗ്ഗത്തിന്റെ ദയനീയ ചിത്രമല്ലേ നാം രാജ്യമെമ്പാടും കാണുന്നത്? കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ലേബർ കോഡുകൾ തൊഴിലവകാശങ്ങൾ വൻതോതിൽ കവർന്നെടുത്തു. അടിസ്ഥാന അവകാശങ്ങൾക്കുവേണ്ടി സമരംചെയ്ത കർഷകർക്ക് 700പേരുടെ ജീവൻ ബലികൊടുത്തിട്ടും ഡിമാന്റുകൾ പൂർണ്ണമായി നേടാനായില്ല. 1976ലെ അഖിലേന്ത്യാ റെയിൽവേ പണിമുടക്കത്തിലേക്ക് നയിച്ച തൊഴിലാളിവിരുദ്ധ നയങ്ങളുടെയും നടപടികളുടെയും പതിന്മടങ്ങ് പ്രഹരമേറ്റുകൊണ്ടാണ് റെയിൽവേ തൊഴിലാളികൾ ഇന്ന് പണിയെടുക്കുന്നത്. ജോലിഭാരം താങ്ങാനാവാതെ കടുത്ത മാനസിക സമ്മർദ്ദത്തിൽ അകപ്പെട്ട് കഠിനരോഗങ്ങൾക്ക് കീഴടങ്ങുന്നവരുമുണ്ട്. തമിഴ്നാട്ടിൽ മാർച്ച് 6 ന് ഒരു ലോക്കോ പൈലറ്റ്, എൻജിൻ കാബിനുള്ളിൽ കുഴഞ്ഞുവീണു മരിച്ചു. പ്രതിഷേധത്തിന്റെ ഒരു നേർത്ത ശബ്ദംപോലും നാം കേട്ടില്ല. എട്ട് മണിക്കൂർ തൊഴിൽസമയം അനായാസം എടുത്തുകളഞ്ഞു. മാറിയ കാലത്ത് പന്ത്രണ്ടും പതിനാറും മണിക്കൂർ തൊഴിലാളികൾ പണിയെടുക്കണമെന്ന് നാരായണമൂർത്തിമാർക്ക് ആവശ്യപ്പെടാൻ ആരെയും പേടിക്കേണ്ടതില്ല. തൊഴിൽ നിയമങ്ങളെല്ലാം കുഴിവെട്ടി മൂടിയതുവഴി നിരായുധരാക്കപ്പെട്ടിരിക്കുന്ന തൊഴിലാളികൾ. ഇപ്രകാരം അവകാശനിഷേധങ്ങളുടെയും അടിച്ചമർത്തലിന്റെയും പൊരുതിനേടിയെടുത്ത ട്രേഡ് യൂണിയൻ അവകാശങ്ങൾ തകർക്കപ്പെടുന്നതിന്റെയും മലവെള്ളപ്പാച്ചിൽ കണ്ട് പകച്ചുനിൽക്കുകയാണ് തൊഴിലാളികൾ. എന്തുകൊണ്ട് രാജ്യത്ത് തൊഴിലാളികളുടെ സമരങ്ങൾ ഉയർന്നുവരുന്നില്ല? രാജ്യമെമ്പാടും അവകാശപ്പോരാട്ടങ്ങൾ തിരിച്ചടി നേരിടുമ്പോൾ രാജ്യത്തെവിടെയും സമരങ്ങൾ വളർത്തിയെടുത്തുകൊണ്ടും വളർന്നുവരുന്ന സമരങ്ങളോടൊപ്പം നിലകൊണ്ടും മാത്രമേ ഇടതുപക്ഷ രാഷ്ട്രീയത്തെ ശക്തിപ്പെടുത്താനാകൂ.

തൊഴിലാളിവിരുദ്ധ നയങ്ങൾക്കെതിരെ ദേശീയതലത്തിൽ രൂപംകൊണ്ടിട്ടുള്ള സംയുക്ത ട്രേഡ്‌യൂണിയൻ സമിതിയുടെ പ്രാധാന്യം ഒട്ടും കുറച്ചുകാണാത്ത ഏവരെയും ഗൗരവമുള്ള ഒരു ചോദ്യം വേട്ടയാടുന്നില്ലേ? ഐക്യ ട്രേഡ്‌യൂണിയൻ സമിതിയുടെ പ്രവർത്തനങ്ങൾക്ക് ഈ തൊഴിലാളി വിരുദ്ധ നയങ്ങളെ പരാജയപ്പെടുത്താൻ കഴിയാത്തതെന്താണ്? മൂന്ന് കരിനിയമ

*(ശേഷം 5–ാം പേജിൽ)*



ഡോ.കെ.പി.കണ്ണൻ, ഡോ.ഗീവർഗ്ഗീസ് മാർ കുറിലോസ്, ജോസഫ് സി.മാത്യു, ഡോ.ആസാദ്, എം.പി.മത്തായി, ജെ.ദേവിക, ഡോ.കെ.ജി.താര, അഡ്വ. കാളീശ്വരം രാജ്, ജോയ് മാത്യു, എം.പി.ബാബുരാജ്



പ്രമോദ് പുഴങ്കര, ഫാ.യൂജിൻ പെരേര, സി.ആർ.നീലകണ്ഠൻ, എസ്.രാജീവൻ, കെ.ശൈവപ്രസാദ്, പ്രൊഫ.ബി.രാജീവൻ, റോസ് മേരി , റെജിമോൻ കുട്ടപ്പൻ, ഡോ.ഡി.സുരേന്ദ്രനാഥ്, ജോർജ്ജ് മാത്യു കൊടുമൺ

# സംസ്ഥാന സർക്കാർ ജനഹിതം മാനിക്കുക ആശമാരുടെ ഡിമാന്റുകൾ അംഗീകരിക്കുക

(4–ാം പേജിൽ നിന്ന്)

ങ്ങളെ പരാജയപ്പെടുത്തിക്കൊണ്ട്, കർഷകർ നിശ്ചയദാർഢ്യത്തോടെയുള്ള പ്രക്ഷോഭത്തിന്റെ മാർഗ്ഗം കാട്ടിയപ്പോഴും ലേബർ കോഡുകളെ പരാജയപ്പെടുത്താൻ രാജ്യത്തെ തൊഴിലാളികൾക്കായില്ല. എന്തുകൊണ്ട്? കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനിടയിൽ വിജയംവരിച്ച ഏതെങ്കിലും ഒരു തൊഴിലാളി സമരത്തിന്റെ ഉദാഹരണം ചൂണ്ടിക്കാട്ടാൻ ആർക്കുമാവില്ല. ചെന്നൈയിൽ സാംസംഗ് കമ്പനിയിൽ നടന്ന ന്യായമായ തൊഴിലാളി സമരം അമ്പേ പരാജയമടയുന്നതും നാം കണ്ടു.

ബിജെപി പോലുള്ള രാഷ്ട്രീയ പാർട്ടികളുടെ പിന്തുണ പിന്തിരിപ്പത്തത്തെ ശക്തിപ്പെടുത്തില്ലേ എന്ന് ന്യായമായും സംശയിക്കുന്നവരുണ്ട്. ഇടതുപക്ഷമെന്നവകാശപ്പെടുന്നവരുടെ അധഃപതനമാണ്, വലതുപക്ഷത്തിന്റെ മഹത്വമല്ല അവരുടെ വളർച്ചയ്ക്ക് വഴിയൊരുക്കുന്നത് എന്ന യാഥാർത്ഥ്യം കണ്ണുതുറന്നുകാണണം. മൂന്നുപതിറ്റാണ്ടുകാലം ബംഗാളിനെ അടക്കിഭരിച്ചവർ ഇന്ന് അപ്രസക്തരായെങ്കിൽ അതിന് ഉത്തരവാദികൾ പുറത്തല്ല, അകത്തുതന്നെയാണ് എന്നതിരിച്ചറിയണം. അധികാരം കിട്ടുമ്പോൾ സമരവിരുദ്ധത പ്രോത്സാഹിപ്പിക്കുകയും അധികാരം പിടിക്കാൻവേണ്ടിമാത്രം പ്രതിപക്ഷത്തിരുന്ന് സമര പ്രഹസനങ്ങൾ നടത്തുകയും ചെയ്യുമ്പോൾ ഇടതുപക്ഷ രാഷ്ട്രീയം ദുർബലമാകുകയും വലതുപക്ഷ ശക്തികൾ കരുത്താർജ്ജിക്കുകയും ചെയ്യും. അധികാരത്തിലിരുന്ന് വലതുപക്ഷ നയങ്ങൾ വഞ്ചനാപരമായി നടപ്പിലാക്കുകയും സമരങ്ങളെ അവഗണിക്കുകയും അവഹേളിക്കുകയും അടിച്ചമർത്തുകയുംകൂടി ചെയ്യുമ്പോൾ ഇടതുപക്ഷ വിശ്വാസികൾ നിരാശരാകും. "നിയോ ലിബറൽ നയങ്ങൾ നിയോ ഫാസിസത്തിന് സാഹചര്യമൊരുക്കു"മെന്ന് ഇടതുപക്ഷ ബുദ്ധജീവിയായ പ്രഭാത് പട്നായിക് പറയുന്നുണ്ടെങ്കിലും (ഫ്രണ്ട്ലൈൻ, ലക്കം 3, മാർച്ച് 2025) ഇവർ ചെവിക്കൊള്ളുമോ? ഇരിക്കുന്ന കൊമ്പു മുറിക്കുന്ന, പ്രസ്ഥാനത്തെ ഒരുപടി നേതാക്കളുടെ ഭാഗ്യാന്വേഷണത്തിനുള്ള ഉപാധിയായി കാണുന്ന, സംഘടനയെ അവിഹിത നേട്ടങ്ങളുടെയും അഴിമതിയുടെയും കവചമാക്കുന്ന കാലത്തോളം അധോഗതി അനിവാര്യമാണ്.

പൊരുതിനേടിയ തൊഴിലവകാശങ്ങൾ ലേബർകോഡുകളിലൂടെ കേന്ദ്ര സർക്കാർ തിരിച്ചുപിടിച്ചിട്ടും കർഷകരെ കടക്കെണിയിൽ പെടുത്തി ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ടിട്ടും പ്രബല ഇടതു പാർട്ടികളുടെ ട്രേഡ് യൂണിയനുകൾക്കും കർഷക സംഘടനകൾക്കും ഒരു ചെറുത്തുനിൽപ് വളർത്തിയെടുക്കാൻ കഴിയാതെപോകുന്ന ഗുരുതരമായ സ്ഥിതിവിശേഷം യാദൃശ്ചികമായി ഉണ്ടായതല്ല.

**ആരോഗ്യപരിപാലനം സംസ്ഥാന സർക്കാരിന്റെ ചുമതലയിലാണ്. സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെ കീഴിൽ നിർവ്വഹിക്കേണ്ട ഉത്തരവാദിത്തങ്ങൾ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നിർവ്വഹിക്കുന്നു എന്നതിനാലും ആരോഗ്യവിഷയം സംസ്ഥാന പട്ടികയിൽ പെടുന്നതിനാലും കേരളത്തിലെ ആശമാർക്ക് മതിയായ വേതനം നൽകുന്നതിനോ, അവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിനോ യാതൊരു നിയമ തടസ്സവുമില്ല. അവരെ നിയമിക്കുന്നത് സംസ്ഥാന സർക്കാരിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളാണ്. സമരം ചെയ്യുമ്പോൾ പിരിച്ചുവിടുമെന്ന് ഭീഷണിപ്പെടുത്തുന്ന സർക്കാർ വേതന വർദ്ധനവ് ചോദിക്കുമ്പോൾ കേന്ദ്രത്തോട് ചോദിക്കാൻ പറയുന്നതിലെ ന്യായമെന്താണ്.**

സിംഗൂർ, നന്ദിഗ്രാം സമരങ്ങൾ ബംഗാളിൽ ഇടതുമുന്നണി ഭരണത്തിന് അന്ത്യം കുറിക്കാൻ കാരണമായി എന്നത് നിഷേധിക്കാനാവില്ല. തൃണമൂൽ കോൺഗ്രസ്സ്, ബിജെപി പോലുള്ള ശക്തികൾ അവിടെ നേട്ടമുണ്ടാക്കി എന്നതുംശരിയാണ്. എന്നാൽ ആ സമരങ്ങൾ എന്തുകൊണ്ടുണ്ടായി എന്നതല്ലേ പ്രധാനം? മൂന്നുപതിറ്റാണ്ടുകാലം അഴിമതിയും അടിച്ചമർത്തലും സ്വജനപക്ഷപാതവും സഹിച്ച് പൊറുതിമുട്ടിയ ഒരു ജനതയുടെ ആത്മരക്ഷാർത്ഥമുള്ള പൊട്ടിത്തെറിയായിരുന്നു ഈ സമരങ്ങളിൽ കണ്ടത്. ഏറ്റവുമൊടുവിൽ സ്വദേശ കുത്തകയായ ടാറ്റയ്ക്കും വിദേശകുത്തകയായ സാലിം ഗ്രൂപ്പിനും ബംഗാളിലെ ഏറ്റവും ഫലഭൂയിഷ്ഠമായ കൃഷിഭൂമി തീറെഴുതിക്കൊടുക്കാൻ തുനിഞ്ഞപ്പോൾ, അനേകരെ കുടിയിറക്കി അനാഥരാക്കാൻ മുതിർന്നപ്പോൾ ജനരോഷം അണപൊട്ടിയൊഴുകി. ആ ഒഴുക്കിൽ, സിപിഐ(എം)ന്റെ ജനവിരുദ്ധ രാഷ്ട്രീയം കടപുഴകിവീണു. പോലീസിന്റെ പിന്തുണയും അധികാര സംവിധാനങ്ങളുടെ തണലും ഭാഗ്യന്വേഷികളായ അനുചരവൃന്ദത്തിന്റെ പേശീബലവുമൊന്നുമല്ല ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ കരുത്ത് എന്ന് തിരിച്ചറിയാൻ അവർക്ക് കഴിഞ്ഞില്ല. ജനങ്ങളുടെ ന്യായമായ പ്രതിഷേധത്തിന് നേതൃത്വം കൊടുക്കുക എന്ന ഇടതുപക്ഷ കർത്തവ്യം നിറവേറ്റുക മാത്രമേ അവിടെ എസ്‌യുസിഐ ചെയ്തിട്ടുള്ളൂ.

സാമ്പത്തിക പ്രതിസന്ധി എന്ന പല്ലവി പാടുന്നവർ അഴിമതിയും ധൂർത്തും നടത്തുമ്പോൾ, പാർശ്വവർത്തികൾക്ക് ഖജനാവ് ചോർത്തിക്കൊടുക്കുമ്പോൾ, കള്ളക്കേസുകൾ നടത്താൻ കോടികൾ ഒഴുക്കുമ്പോൾ, വാർഷികാഘോഷങ്ങൾക്കുംമറ്റും ഖജനാവിൽനിന്ന് കോടികൾ ചൊരിയുമ്പോൾ ജനങ്ങളിതൊന്നും കണ്ടില്ലെന്ന് നടിക്കണോ? കേന്ദ്രത്തിൽനിന്ന് അർഹമായത് വാങ്ങിയെടുക്കാൻ കഴിയുന്നില്ലെങ്കിൽ ഗവണ്മെന്റിന് ഭരിക്കാനുള്ള യോഗ്യതയില്ല എന്നാണർത്ഥം. ആ നട്ടെല്ലില്ലായ്മയ്ക്ക് ജനങ്ങൾ ഉത്തരവാദികളാകുന്നതെങ്ങനെ? കോടികൾ കൊടുത്ത് ഡൽഹിയിൽ ഇടനിലക്കാരെ നിയോഗിച്ചിരിക്കുന്നതെന്തിന്? മന്ത്രിമാരുടെ വിദേശയാത്രകൾക്കടക്കം ഒരു ധൂർത്തിനും കുറവില്ലല്ലോ? കെ-റെയിൽ പോലെ ഭീമമായ നിക്ഷേപം ആവശ്യമുള്ള പദ്ധതികൾക്കായി നിരന്തരം വാദിക്കുന്നത് പണമില്ലാഞ്ഞിട്ടാണോ? ഈ ദുർന്നടപടികളൊക്കെ തിരിച്ചറിയാനും ചോദ്യംചെയ്യാനും ജനങ്ങൾക്ക് അവകാശമുണ്ടെന്ന് ഓർക്കുന്നത് നന്ന്.

എന്നാൽ ഈ ചെറുത്തുനിൽപിന്റെ സ്വഭാവമെന്തായിരിക്കണം? വ്യക്തിജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും സംഘടനാതലത്തിലും അടിമുടി ജനാധിപത്യ ശൈലി അവലംബിച്ചുകൊണ്ടേ നമുക്കീ പോരാട്ടം ആരംഭിക്കാനാവൂ. നിസ്വാർത്ഥതയും സാമൂഹികതയും മുഖമുദ്രയായിട്ടുള്ള തൊഴിലാളിവർഗ്ഗ സംസ്കാരത്തെ ശക്തിപ്പെടുത്തിക്കൊണ്ടേ ഈ പോരാട്ടത്തിന് കരുത്ത് പകരാനാകൂ. മുതലാളിവർഗ്ഗത്തിന്റെ നല്ലപിള്ളയാകാൻ ശ്രമിച്ചുകൊണ്ട് ജനവിരുദ്ധനയങ്ങൾ അടിച്ചേൽപ്പിക്കുകയും ജനാധിപത്യ വിരുദ്ധശൈലി അവലംബിക്കുകയും ചെയ്യുമ്പോൾ ഫാസിസ്റ്റ് നീക്കങ്ങളാണ് ശക്തിപ്പെടുന്നത്. കലാലയങ്ങളിൽ മറ്റു സംഘടനകളുടെ പ്രവർത്തനസ്വാതന്ത്ര്യം നിഷേധിക്കുന്നവർ, പേശീബലത്തിൽ ജനങ്ങളെ അടിയറവു പറയിക്കുന്നവർ, ലഹരി പടർത്തി തലമുറകളെ നിഷ്ക്രിയരോ അക്രമാസക്തരോ ആക്കി ഖജനാവിന്റെ വരുമാനം വർദ്ധിപ്പിക്കുന്നവർ, മൂലധനശക്തികളുടെ വളർച്ചയെ നാടിന്റെ വികസനമായി തെറ്റിദ്ധരിപ്പിക്കുന്നവർ, സ്വന്തം പാർട്ടിയുടെ അന്യായങ്ങളെ അന്ധമായി ന്യായീകരിക്കുന്നവർ, കരിങ്കൊടിയോടുപോലും കടുത്ത അസഹിഷ്ണുത പുലർത്തുന്നവർ, തിരഞ്ഞെടുപ്പുനേട്ടങ്ങൾക്കായി വർഗ്ഗീയ ചേരിതിരിവുകൾപോലും സൃഷ്ടിക്കുന്നവർ, ബിജെപിയുടെ വളർച്ചയ്ക്കു മാത്രമല്ല, ഫാസിസത്തിന്റെ കടന്നുവരവിനും പരവതാനി വിരിക്കുകയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. ഇടതുപക്ഷ രാഷ്ട്രീയത്തെ സ്നേഹിക്കുന്നവർ അവകാശ സമരങ്ങളുടെയും ജനാധിപത്യ പ്രബുദ്ധതയുടെയും വളർച്ചയ്ക്കായി അടിയുറച്ചു നിലകൊള്ളുകയാണ് വേണ്ടത്. ഒരു തൊഴിലാളി സമരത്തിന്റെ വിജയം, അടിച്ചമർത്തപ്പെടുന്ന, നിരാശരായിരിക്കുന്ന ഇതര തൊഴിലാളി വിഭാഗങ്ങളെ സമരസജ്ജരായി തട്ടിയുണർത്തും എന്ന് സർക്കാർ ഭയപ്പെടുന്നു. അതിന്റെ തികട്ടലുകളാണ് അധിക്ഷേപങ്ങളിലൂടെ പുറത്തുവരുന്നത്. വിലകുറഞ്ഞ ആരോപണങ്ങളെ അവഗണിച്ചും ആക്രമണങ്ങളെ പ്രതിരോധിച്ചും നമുക്ക് ഈ ഐതിഹാസിക സമരത്തെ മുന്നോട്ടു കൊണ്ടുപോകാം. ■



വി.കെ.സദാനന്ദൻ, എം.എ.ബിന്ദു, എസ്.മിനി, കെ.പി.റോസമ്മ, ജോർജ്ജ് മുല്ലക്കര, കരീപ്പുഴ ശ്രീകുമാർ, ഫാ.റൊമാൻസ് ആന്റണി, പ്രൊഫ.കാട്ടൂർ നാരായണപിള്ള



രഞ്ജിനി, ഭാഗ്യലക്ഷ്മി, പ്രൊഫ.ജോർജ്ജ് ജോസഫ്, എസ്.ബുർഹാൻ, സന്തോഷ് പണ്ഡിറ്റ്, ഡോ.മേരി ജോർജ്ജ്, ഗോമതി, എ.ജയിംസ്

# സമരരാഷ്ട്രീയമാണ് ഇടതുദർശനത്തിന്റെ ജീവനും സത്തയും

**നിർദ്ദയമായ ചൂഷണത്തിലും അനീതിയിലും അധിഷ്ഠിതമായിട്ടുള്ള നിലനിൽക്കുന്ന സാമൂഹ്യ-സാമ്പത്തിക ക്രമത്തിന്റെ അടിസ്ഥാനപരിവർത്തനമാണ് ഇടതുരാഷ്ട്രീയത്തിന്റെ ലക്ഷ്യം. അതിനായി ജനങ്ങളെ വിപുലമായി തയ്യാറെടുപ്പിക്കുന്ന സുപ്രധാനമായ രാഷ്ട്രീയ പ്രക്രിയയാണ് ജനാധിപത്യ പ്രക്ഷോഭങ്ങൾ.**

മുതലാളിത്ത വ്യവസ്ഥയുടെ നയങ്ങൾക്കെതിരെ നാൾക്കുനാൾ ശക്തിപ്പെട്ടുവരുന്ന അസംതൃപ്തിക്കും പ്രതിഷേധത്തിനും സംഘടിത ജനാധിപത്യ പ്രക്ഷോഭത്തിന്റെ രൂപം നൽകുകയാണ് ഇടതു കടമ. വിജയിച്ചാലും ഇല്ലെങ്കിലും ജനാധിപത്യ സമരങ്ങൾ വഹിക്കുന്ന ഏറ്റവും ഗൗരവപ്പെട്ട ധർമ്മം, അത് ജനങ്ങൾക്ക് വൻതോതിൽ രാഷ്ട്രീയ വിദ്യാഭ്യാസം നൽകുന്നു എന്നതാണ്. ജനകീയ സമരങ്ങളും തൊഴിലാളി പ്രക്ഷോഭങ്ങളും ജനങ്ങളുടെ പാഠശാലകളായി മാറും. ജനങ്ങൾ സ്വന്തം സമരാനുഭവങ്ങളിൽ നിന്നും തങ്ങളുടെ ജീവിതദുരിതങ്ങളുടെ മൂലകാരണമെന്തെന്ന് തിരിച്ചറിയും. ഈ ധാരണകൾക്ക് വർഗ്ഗസമരത്തിന്റെ ഉൾക്കാഴ്ചകൂടി ലഭിക്കുന്നതോടെ തങ്ങളുടെ പോരാട്ടത്തിന്റെ വിപ്ലവകരമായ ദിശ തികഞ്ഞ വ്യക്തതയോടെ ജനങ്ങൾ മനസ്സിലാക്കും. ചൂഷകവാഴ്ച നീട്ടിക്കൊണ്ടുപോകാനായി മുതലാളിവർഗ്ഗം ആസൂത്രിതമായി വളർത്തുന്ന കൃത്രിമമായ ഭേദങ്ങളെയും വിഭാഗീയതയെയും ജനങ്ങൾ വലിച്ചെറിയും. സമരത്തിലൂടെ ആർജ്ജിതമാകുന്ന അറിവും പ്രബുദ്ധതയും എല്ലാവിധ ഫ്യൂഡൽ മാലിന്യങ്ങളെയും ആട്ടിയകറ്റും. ഉയർന്ന ജനാധിപത്യമൂല്യങ്ങളും ധാർമ്മികതയും സംസ്കാരവും ശോഭയോടെ സമൂഹത്തെയാകമാനം സ്വാധീനിക്കും. രാജ്യത്തെ മുഴുവൻ ജനങ്ങളും അത്യധികമായ ഇച്ഛാശക്തിയോടെ, ഉൽസാഹപൂർവ്വം ഉണർന്നെഴുന്നേൽക്കും. എല്ലാം കഴുകി വെടിപ്പാക്കാനുള്ള രാഷ്ട്രീയ അഭിവാഞ്ഛ രാജ്യമെമ്പാടും അലയടിക്കും.

കഴമ്പുകെട്ട ജീവിതത്തിന്റെ സ്ഥാനത്ത് സാരവത്തായ ജീവിതവർത്തനത്തിന്റെ മഹത്തായ ശൈലിയെ ജനങ്ങൾ പുൽകും. കൊടിയ നിരാശയുടെയും വ്യാമോഹങ്ങളുടെയും സ്ഥാനത്ത് സമ്പോധതയുടെ അടിസ്ഥാനത്തിലുള്ള പ്രതീക്ഷയും ശുഭാപ്തിവിശ്വാസവും ജനങ്ങളെ മുന്നോട്ടു നയിക്കും. ഐക്യപ്പെട്ട ജനത ഒരു പുതുശക്തിയായി ഉയരും. ഒരു പുതു സമൂഹ സൃഷ്ടിക്ക് അങ്ങനെ കളമൊരുങ്ങും. മുതലാളിത്തവിരുദ്ധ വിപ്ലവത്തിന് അനുരോധമായി നാം വികസിപ്പിച്ചെടുക്കേണ്ട ജനാധിപത്യപ്രക്ഷോഭ രാഷ്ട്രീയത്തിന്റെ സാരാംശവും ലക്ഷ്യവും ഇതാണ്. ഇടതു-വലതു പ്രസ്ഥാനങ്ങൾ തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യസ്തത ഇതൊന്നു മാത്രമാണ്. ഇതു നിർവ്വഹിക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ ഇടതെന്ന മുദ്രയണിയുന്നതിൽ ഒരർത്ഥവുമില്ല. ഈ ദൗത്യം വിസ്മരിക്കുകയോ ബോധപൂർവ്വം കൈവെടിയുകയോ ചെയ്തിട്ട് മറ്റെന്തൊക്കെ ചെയ്തെന്ന് സമർത്ഥിച്ചാലും അത് ഇടതുരാഷ്ട്രീയത്തെ അടയാളപ്പെടുത്തുന്നമില്ല.

തൊഴിലാളിപ്രക്ഷോഭങ്ങളെയും ജനകീയ സമരങ്ങളെയും പ്രാണനുതുല്യം ഗണിക്കുക എന്നതാണ് യഥാർത്ഥ ഇടതുപക്ഷ സമീപനം. അതോടൊപ്പംതന്നെ ജനാധിപത്യസമരത്തിന്റെ കടമകൾ നിറവേറ്റാൻ കെൽപ്പും ചരിത്രപരമായ സാധ്യതയുമുള്ള പ്രസ്ഥാനങ്ങളും വ്യക്തികളും തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിനു പുറത്തും നിലനിൽക്കുന്നുണ്ടെന്ന് ശരിയായ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി വിലയിരുത്തുന്നു. തങ്ങൾക്കുപുറത്തും ജനാധിപത്യ പ്രക്ഷോഭങ്ങൾ ഉയർന്നുവരുമെന്നതന്നെയാണ് ശരിയായ ഇടതുവിശകലനം. സ്വന്തം മുൻകൈയിൽ പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കാൻ പ്രയത്നിക്കുന്നതിനോടൊപ്പം ജനാധിപത്യശക്തികളാൽ ഉയർത്തപ്പെടുന്ന പ്രക്ഷോഭങ്ങളോട് ഐക്യപ്പെടാനും അവയെ ശക്തിപ്പെടുത്താനും പരമപ്രാധാന്യത്തോടെ പണിയെടുക്കുക എന്നതും ഇടതുപക്ഷ ദൗത്യമാണ്. ഈ ഉത്തരവാദിത്തം വിസ്മരിക്കുക മാത്രമല്ല, അതിനെതിരെ പ്രവർത്തിക്കുകയാണ് സിപിഐ(എം) ചെയ്യുന്നത്.

കേരളത്തിൽ അലയടിക്കുന്ന ആശാസമരം നിർവ്വഹിക്കുന്ന ദൗത്യമിതാണ്. മുതലാളിത്ത നയങ്ങൾക്കെതിരെ ഒരു കൊടുങ്കാറ്റായി ഉയരാൻ തൊഴിലാളികൾക്ക് മാർഗ്ഗം കാട്ടുന്ന ഐതിഹാസിക പ്രക്ഷോഭമാണ് ആശാസമരം. ഇത് വിജയിച്ചാൽ നട്ടെല്ല് നിവർത്തിനിന്ന് പൊരുതാൻ എല്ലാ തൊഴിലാളി വിഭാഗങ്ങൾക്കും വിലപേശൽ ശേഷി നൽകും. പരാജയപ്പെട്ടാൽ തൊഴിലാളികളുടെ നിലവിലുള്ള ദുരവസ്ഥ തുടരുക മാത്രമല്ല, അത് കൂടുതൽ രൂക്ഷമാകുകയും ചെയ്യും. അതിനാൽ എന്തുവില നൽകിയും ആശാസമരത്തെ വിജയിപ്പിക്കുവാൻ രംഗത്തിറങ്ങണമെന്ന് എല്ലാ നല്ല മനുഷ്യരോടും അഭ്യർത്ഥിക്കുന്നു. ■







രാപകൽ സമരത്തിന് തുടക്കം കുറിച്ചുകൊണ്ട് ഫെബ്രുവരി 10ന് തിരുവനന്തപുരത്ത് നടന്ന പ്രകടനം.

മാർച്ച് 8 സാർവ്വദേശീയ വനിതാദിനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് നടന്ന പ്രകടനം.







ആശാസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സെക്രട്ടേറിയറ്റ് നടയിൽ നടന്ന സംഘചിത്രരചന ബി.ഡി.ദത്തൻ ഉദ്ഘാടനം ചെയ്യുന്നു. സമീപം പാർത്ഥസാരഥി വർമ്മ.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി അംഗം മിനി കെ.ഫിലിപ്പ് സെക്രട്ടേറിയറ്റ് ഉപരോധത്തെ അഭിസംബോധന ചെയ്യുന്നു.

കെ.കെ.രമ എംഎൽഎ സെക്രട്ടേറിയറ്റ് ഉപരോധത്തെ അഭിസംബോധന ചെയ്യുന്നു.








ആശാവർക്കർമാരുടെ സമരത്തിന് യുഎൻഎയുടെ ഐക്യദാർഢ്യം.

ആശാസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് തൃശ്ശൂരിൽ നടന്ന സംഗമത്തിൽ പ്രൊഫ.കുസുമം ജോസഫ് പ്രസംഗിക്കുന്നു.

കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ നടന്ന കളക്ട്രേറ്റ് ധർണ ഡോ.കെ.എസ്.മനോജ് മുൻ എംപി ഉദ്ഘാടനം ചെയ്യുന്നു.

# ആത്മാഭിമാനത്തിന്റെയും ഇച്ഛാശക്തിയുടെയും പ്രതീകങ്ങളായ ആശ പ്രക്ഷോഭകാരികളോടൊപ്പം നിലകൊള്ളുക



ന്യൂനപക്ഷ സംരക്ഷണത്തിനു വേണ്ടി അഹോരാത്രം പ്രയത്നിച്ചു കൊണ്ടിരിക്കുന്ന ഒരാൾ എന്ന നിലയിൽ..നിരന്തരമായി വലതു പക്ഷഗവൺമെന്റിനെ എതിർത്തു വന്ന ഒരാൾ എന്ന നിലയിൽ എനിക്കു നിസ്സംശയമായും പറയാൻ കഴിയും ഒരിടതുപക്ഷ ഗവൺമെന്റ് ഒരിക്കലും പറയാൻ പാടില്ലാത്ത കാര്യമാണ്, അല്പംപേരുടെ സമരമാണ് അതുകൊണ്ടത് കാര്യമാക്കേണ്ടതില്ല എന്നത്.

– സച്ചിദാനന്ദൻ



തൊഴിലെടുക്കുന്ന ആളുകൾ അവരുടെ ആവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നത് സാധാരമാണ്. ആശാവർക്കർമാർ ചെയ്യുന്ന ജോലി നിസ്സാരമല്ല. ഇവരുടെ ജോലിയെസംബന്ധിച്ച് ആർക്കും പരാതിയുമില്ല. സമരം ചെയ്യുന്ന ആശാപ്രവർത്തകർ നീതി അർഹിക്കുന്നു. കേന്ദ്രവും സംസ്ഥാനവും അങ്ങോട്ടുമിങ്ങോട്ടും തട്ടാതെ അവരുടെ പ്രശ്നം പരിഹരിക്കണം. പരിഹസിക്കുന്നതും ആക്ഷേപിക്കുന്നതും പുരോഗമന സമൂഹത്തിന് പറ്റിയതല്ല.

– റഫീക്ക് അഹമ്മദ്




ഈ മാർച്ച് 8 വനിതാദിനത്തിൽ ഞാൻ ആശാവർക്കർമാരുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയാണ്. അവരുടെ സമരത്തെ തിരിച്ചറിയണം. അവരുടെ ആവശ്യത്തെ ഭരണാധികാരികൾ അംഗീകരിക്കണം.

– ജിയോ ബേബി



ലോകമെമ്പാടുമുള്ള ഗവൺമെന്റുകൾ അങ്ങേയറ്റം വലതുപക്ഷത്തേക്ക് ചായുന്ന ഇക്കാലത്ത് എന്റെ കേരളത്തിൽ ജനങ്ങളും ഗവൺമെന്റും ആശാപ്രവർത്തകരുടെ ആവശ്യങ്ങളെ പിന്തുണയ്ക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഞാൻ അവരോടൊപ്പം നിലകൊള്ളുകയാണ്.

– അരുന്ധതി റായ്



തികച്ചും നീതിയുക്തവും അനിവാര്യവുമായ ആശാവർക്കർമാരുടെ സമരത്തോട് ഒരു പൗരൻ എന്ന നിലയിലും എഴുത്തുകാരൻ എന്ന നിലയിലും ഞാൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു...പരിമിതമായ ആവശ്യങ്ങൾ കൂടി നേടിയെടുക്കുവാൻ സമരങ്ങൾക്ക് കഴിയുന്നില്ലെങ്കിൽസമരം എന്ന മാധ്യമം ആത്യന്തികമായി പരാജയപ്പെടുകയാണ്.അത് കേരളീയരുടെ അതിജീവന അനർഹതയാണ് കാണിക്കുന്നത്. പരാജയപ്പെടരുത് ഒന്നുകൊണ്ടും ഈ സമരം.

– കല്പറ്റ നാരായണൻ



ചെയ്യുന്ന ജോലിക്ക് അവകാശപ്പെട്ട വേതനം ലഭിക്കണമെന്ന് ആവശ്യപ്പെടുന്നത് മൗലികാവകാശമാണ്. ഞാൻ ആഗ്രഹിക്കുന്നത് കേരള സർക്കാർ അവരെ ചർച്ചയ്ക്ക് വിളിക്കണമെന്നാണ്. എന്ത് പ്രതിവിധി കണ്ടെത്താമെന്ന് ചർച്ചചെയ്ത് എത്രയും വേഗം സമരം ഒത്തുതീർപ്പാക്കുമെന്നും ഞാൻ കരുതുന്നു.

– കനി കുസൃതി



...ധൈര്യവും നിശ്ചയദാർഢ്യവുമുള്ള സ്ത്രീകളായ ആശാവർക്കർമാർ ഇന്ന് കേരളത്തിൽ മികച്ച വേതനത്തിനും തങ്ങൾ ചെയ്യുന്ന അതീവ പ്രാധാന്യമുള്ള തൊഴിലിന്റെ അംഗീകാരത്തിനും വേണ്ടി ആവശ്യമുയർത്തുകയാണ്...

– ടീസ്റ്റ സെതിൽവാദ്

ആശമാരുടെ മേഖലയിൽ ഇപ്പോൾ നടക്കുന്ന പല വിധ പ്രക്ഷോഭങ്ങളെ ആഗോളവത്കരണ സാമ്പത്തിക നയങ്ങൾക്കെതിരായ ജനകീയ പ്രക്ഷോഭമാക്കി വികസിപ്പിക്കുകയും അവരുടെ വേതനത്തിന്റെ പ്രശ്നം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൂടിയാലോചിച്ച് പരിഹരിക്കുകയും വേണം.

– ശാസ്ത്ര സാഹിത്യ പരിഷത്ത്



ഒരു കുടുംബത്തിന് കഴിഞ്ഞു പോകാൻ വേണ്ട അടിസ്ഥാന വേതനമാണ് ആശാ പ്രവർത്തകർ ചോദിക്കുന്നത്. അത് കേന്ദ്രസ്കീമാണ് എന്നു പറഞ്ഞൊഴിയാൻ കേരള സർക്കാരിന് നിവൃത്തിയില്ല. കേരളത്തിനു വേണ്ടിയാണവർ ജോലി ചെയ്യുന്നത്. തൊഴിലാളി പ്രസ്ഥാനങ്ങളിലൂടെ വളർന്നു വന്ന അവകാശ പോരാട്ടങ്ങൾക്കുവേണ്ടി നിലകൊണ്ട ഒരു സർക്കാരിന് കൂടുതൽ ഉത്തരവാദിത്തമുണ്ട്.

– ഡോ.ഖദീജ മുംതാസ്



ആശാ വർക്കർമാരുടെ ആനുകൂല്യങ്ങളിൽ ഒരു ഭാഗം കേന്ദ്ര ഗവൺമെന്റ് അനുവദിക്കേണ്ടതാണെങ്കിൽ കേന്ദ്ര ഗവൺമെന്റിനെ സമീപിച്ച് അത് വാങ്ങിയെടുക്കേണ്ടതിന്റെ ഉത്തരവാദിത്തം കേരള ഗവൺമെന്റിനാണ്, അല്ലാതെ അത് ആശാവർക്കർമാരുടെ ഉത്തരവാദിത്തമാകാൻ പറ്റില്ല. ആ സമരത്തെ നിന്ദിക്കുന്നതും പുച്ഛിക്കുന്നതും തൊഴിലാളികളോടും ദരിദ്രരോടുമുള്ള അവഹേളനമായിട്ടാണ് എനിക്കു തോന്നുന്നത്.

– എം.എൻ. കാരശ്ശേരി



സ്ത്രീകളുടെ മുന്നേറ്റത്തെപ്പറ്റി, സാമ്പത്തിക സ്വയംപര്യാപ്തതയെപ്പറ്റി, ഇക്വാലിറ്റിയെപ്പറ്റി കേരളത്തിൽ ഏറ്റവും വലിയ ശബ്ദങ്ങൾ മുഴങ്ങുന്ന കാലഘട്ടമാണിത്. സ്ത്രീനീതി എങ്ങനെ ഉറപ്പാക്കും എന്നതിനെപ്പറ്റി ഉത്തരവാദിത്തമുള്ളവരാണ് തങ്ങൾ എന്നു പറയുന്ന ഇടതു പക്ഷസർക്കാരിന്, ആശാവർക്കർമാരോട് അവർ സ്വീകരിക്കുന്ന നിലപാട് ഏതു സ്ത്രീനീതി വിഭാഗത്തിൽ, ഏതു വർഗ്ഗവിമോചനസിദ്ധാന്തത്തിൽപ്പെടുത്തും എന്നതിന് ഉത്തരം പറയാൻ കഴിയില്ല.

– സാറ ജോസഫ്

തൊഴിൽ രംഗത്തെ ഏറ്റവും വലിയ ചൂഷണം നടക്കുന്നത് സേവന മേഖലയിലാണ് . "വളണ്ടിയർ " എന്ന ഓമനപ്പേരിട്ട് വിളിച്ചത് കൊണ്ട് ആശമാരുടെ തൊഴിലിന്റെ കാഠിന്യം അലിയിച്ചു കളയാനാകില്ല. തൊഴിലില്ലായ്മയും ദാരിദ്ര്യവും ഗതികെട്ട ജീവിത സാഹചര്യങ്ങളുമാണ് സേവന തൊഴിൽ മേഖലകളിലെ സ്ത്രീകളെ യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കപ്പെടാതെ വളണ്ടിയർമാരായി തുടരാൻ നിർബന്ധിതരാക്കുന്നത് . നിരവധി ക്ഷേമ പദ്ധതികളിൽ കുറഞ്ഞ കൂലിക്ക് പണിയെടുക്കുന്ന അസംഘടിത സ്ത്രീ തൊഴിലാളികൾ പെരുകി വരുകയാണ്. അവിടെ നിയമം പ്രാബല്യത്തിൽ വരുത്തുക എന്നത് സർക്കാറിൻറെ ഉത്തരവാദിത്വമാണ്.

–ഡബ്ല്യുസിസി



ഓർമ്മ വച്ച കാലം മുതൽ മാർച്ച് 8 എനിക്ക് സവിശേഷമായ ദിനമാണ്. ഈ മാർച്ച് 8 പ്രത്യേകിച്ചും. അവകാശത്തിനുവേണ്ടി കഴിഞ്ഞ ഒരു മാസമായി പോരടിച്ച് സർക്കാർ ഇതുവരെ തിരിഞ്ഞുനോക്കാത്ത ആശാ സമരത്തിന്, നീതി ലഭിക്കുന്നില്ലെങ്കിൽ സമരത്തോട് മുഖം തിരിക്കുന്ന കുറ്റത്തിന് ചരിത്രം അധികാരികൾക്ക് മാപ്പു കൊടുക്കില്ല.

– ദീദി ദാമോദരൻ



സ്ത്രീ സുരക്ഷയും തൊഴിലാളി വർഗ്ഗ സ്നേഹവും പറഞ്ഞ് അധികാരത്തിൽ കയറിയവർ എന്തുകൊണ്ടാണ് ഇത്തരം കൂട്ടായ സംഘടിതമായിരിക്കുന്ന സ്ത്രീകളെ ശ്രദ്ധിക്കാതിരിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല ന്യായമായ ആവശ്യങ്ങളാണ് അവർ ഉന്നയിക്കുന്നത്. അവരെ അധിക്ഷേപിക്കുന്നത് എന്തിനാണ്? ആവശ്യങ്ങൾ അംഗീകരിച്ച് ചർച്ചയ്ക്ക് വിളിച്ച് ഒത്തുതീർപ്പാക്കണമെന്ന് ആവശ്യപ്പെടുന്നു.

– ഡോ.പി. ഗീത

പൊതുജന സേവനം നടത്തുന്ന മൂന്നു കോടിയിലധികം തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന പിഎസ്ഐ എന്ന ഇന്റർനാഷണൽ ഓർഗനൈസേഷനെ പ്രതിനിധീകരിച്ചാണ് കേരളത്തിൽ സമരം ചെയ്യുന്ന ആശാ പ്രവർത്തകരെ പിന്തുണച്ചുകൊണ്ട് ഈ കത്തയയ്ക്കുന്നത്. ആശാ പ്രവർത്തകരെ പൊതുജനാരോഗ്യ പ്രവർത്തകരായി അംഗീകരിച്ച്, സമരം ചെയ്യുന്ന സംഘടനയുടെ നേതാക്കന്മാരുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാൻ സർക്കാർ മുൻകൈ എടുക്കണം. അവർക്ക് ജീവിക്കാൻ ആവശ്യമായ വേതനവും അംഗീകാരവും നൽകണം.

പിഎസ്ഐ(പബ്ലിക് സർവ്വീസ് ഇന്റർനാഷണൽ)




ആശാവർക്കർമാരുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ജനകീയ പ്രതിരോധ സമിതി നടത്തിയ റാലി.




ജനകീയ പ്രതിരോധ സമിതി നടത്തിയ ജനസഭ ചലച്ചിത്ര പ്രവർത്തകൻ ജോയ് മാത്യു ഉദ്ഘാടനം ചെയ്യുന്നു.

# ശിരസ്സുയർത്തി പോരാടാൻ മുഴുവൻ തൊഴിലാളികൾക്കും മാർഗ്ഗവും ആത്മവിശ്വാസവും പകർന്നതാണ് ആശാസമരത്തിന്റെ ചരിത്രവിജയം

**ആ**ശാ വർക്കർമാർ ആരംഭിച്ച രാപകൽ സമരം യഥാർത്ഥത്തിൽ ഇതിനോടകംതന്നെ ഐതിഹാസികമായ ഒരു വിജയമായി രേഖപ്പെടുത്തപ്പെട്ടുകഴിഞ്ഞു. ഒരു തൊഴിലാളി സമരം അളക്കാനാവാത്ത മാനത്തിൽ ഇപ്രകാരമൊരു സാമൂഹ്യസ്വാധീനമായി മാറുന്നത് ഐക്യകേരളത്തിന്റെ ചരിത്രത്തിൽ പ്രഥമമാണ്. പണിയെടുത്തുജീവിക്കുന്ന മനുഷ്യരോടും അവരുടെ അതിജീവനസമരത്തോടും വൈകാരികമായി ഐക്യപ്പെട്ടുകൊണ്ട് സൃഷ്ടിക്കപ്പെട്ടിരിക്കുന്ന അസാധാരണമായ ധ്രുവീകരണമാണ് ഈ സമരം സൃഷ്ടിച്ച ചരിത്രനേട്ടം.

കേരളത്തിലും ഇന്ത്യയിലെമ്പാടും പണിയെടുക്കുന്ന ജനവിഭാഗങ്ങളിൽ ഈ സമരം വമ്പിച്ച ആത്മവിശ്വാസം സൃഷ്ടിച്ചിരിക്കുന്നു. ഒന്നിനു പിറകെ ഒന്നായി തൊഴിലാളിവിരുദ്ധനയങ്ങൾ ചോദ്യം ചെയ്യപ്പെടാതെ അടിച്ചേൽപ്പിക്കപ്പെടുന്ന അവസ്ഥ എല്ലാ തൊഴിൽ മേഖലയിലും കൊടികുത്തിവാഴുകയാണ്. അവകാശങ്ങൾ നേരെനിന്നു ചോദിക്കാൻ പോലും പറ്റാത്ത വിധം തൊഴിലാളി സംഘടനകളെ നിർവീര്യമാക്കിയിരുന്നു സർക്കാരും അനുചരന്മാരും. ഇത്തരമൊരു ഘട്ടത്തിലാണ് സമൂഹത്തിലെ ഏറ്റവും നിസ്വരായ ഏതാനും സ്ത്രീകൾ കേരളത്തെയാകെ ഉണർത്തും വിധത്തിൽ നട്ടെല്ലു നിവർത്തി നിന്ന് "അവകാശങ്ങൾ നേടാതെ അനന്തപുരിയുടെ മണ്ണിൽ നിന്നും തിരിച്ചു വീട്ടിൽ കേറില്ല" എന്നുറക്കെപ്പറഞ്ഞ് സെക്രട്ടറിയേറ്റിനു മുന്നിൽ രാപകൽ സമരം തുടങ്ങുന്നത്. അനീതികളെ ചോദ്യം ചെയ്യാതെ കുനിഞ്ഞുനിന്ന് തോളിലേറ്റുന്നത് ഇനിമേൽ അനുവദിക്കില്ല എന്ന് പണിയെടുക്കുന്നവരെക്കൊണ്ട് വിശ്വസിപ്പിക്കാനും പറയിപ്പിക്കാനും ആശാസമരം ശക്തി നൽകിയിരിക്കുന്നു. ആശാസമരം പ്രതീക്ഷയായി, പ്രത്യാശയായി, ആത്മബോധമായി അലയടിച്ചുയരുകയാണ്. നിർദ്ധനരും സാധുക്കളുമായ സ്ത്രീകൾക്ക് വിട്ടുവീഴ്ചയില്ലാത്ത ഇപ്രകാരമൊരു വീറുറ്റപ്രക്ഷോഭം പടുത്തുയർത്താനാവുമെങ്കിൽ ഒരു കൊടുങ്കാറ്റുതന്നെ സൃഷ്ടിക്കാൻ തൊഴിലാളിവർഗ്ഗത്തിനാവുമെന്ന ബോധ്യം പടർത്തിയെന്നതാണ് ആശാസമരത്തിന്റെ ഉജ്വലമായ നേട്ടം.

ആശാ വർക്കർമാർ നേരിടുന്ന നിർദ്ദയമായ ചൂഷണത്തിന്റെ ഞെട്ടലുളവാക്കുന്ന വസ്തുത രാജ്യത്തിന്റെ മനഃസാക്ഷിയുടെ മുമ്പിലേക്ക് പ്രതിഷ്ഠിക്കാൻ ആശാസമരത്തിനു കഴിഞ്ഞു. രാജ്യത്തിനുപുറത്തേക്കും അത് പ്രചരിച്ചു. ആശമാരുടെ തുച്ഛവേതനത്തിന്റെ പ്രശ്നം പരിഗണിക്കാതെ ഒരു സർക്കാരിനും മുന്നോട്ടുപോകാനാവില്ല എന്ന സമ്മർദ്ദം എല്ലാ സംസ്ഥാനസർക്കാരുകൾക്കും മേൽ സൃഷ്ടിക്കാൻ ആശാസമരത്തിനു കഴിഞ്ഞു. ആശമാർക്ക് ഗ്രാറ്റുവിറ്റി ഏർപ്പെടുത്തുമെന്നും ശമ്പളത്തോടുകൂടിയ പ്രസവാവധി നൽകുമെന്നും ആന്ധ്ര സർക്കാർ പ്രഖ്യാപിച്ചത് നമ്മുടെ സംസ്ഥാനത്തെ ആശാസമരം സൃഷ്ടിച്ച അന്തരീക്ഷം ഒന്നുകൊണ്ടുമാത്രമാണ്. ഏറ്റവുമൊടുവിൽ പോണ്ടിച്ചേരി മുഖ്യമന്ത്രി ആശമാരുടെ ഓണറേറിയം 18,000 രൂപയായി വർദ്ധിപ്പിക്കുമെന്ന് നിയമസഭയിൽത്തന്നെ പ്രഖ്യാപിച്ചിരിക്കുന്നു. മറ്റുസംസ്ഥാനങ്ങളും ഇതേ നിലയിൽ തീരുമാനമെടുക്കാൻ നിർബന്ധിതമാകുന്ന രാഷ്ട്രീയ സാഹചര്യം ആശാസമരം സൃഷ്ടിച്ചിരിക്കു ന്നുവെന്നത് ആർക്കും നിഷേധിക്കാനാവില്ല. മൂന്നു മാസത്തെ വേതന കുടിശ്ശിക ആശമാർക്കു ഉടൻ നൽകണമെന്നും ഓണറേറിയം വെട്ടിക്കുറയ്ക്കാനിടയാക്കുന്ന 10 മാനദണ്ഡങ്ങൾ പൂർണ്ണമായി പിൻവലിക്കണമെന്നും ഫെബ്രുവരി 10ന് തുടങ്ങിയ സമരത്തിന്റെ ആവശ്യങ്ങളിൽ പ്രധാനമായിരുന്നവയായിരുന്നു. സമരത്തിനിടയിൽ വേതനകുടിശിക തീർക്കുകയുണ്ടായി. മാനദണ്ഡങ്ങൾ പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. രാജ്യത്തിന്റെ നിയമനിർമ്മാണ സഭയിൽ ഏഴ് അംഗങ്ങളാണ് കേരളത്തിന്റെ ആശാസമരത്തെ സംബന്ധിച്ച് ചർച്ചചെയ്യുകയും പ്രശ്നം പരിഹരിക്കാൻ കേന്ദ്രസർക്കാർ ഇടപെടണമെന്ന് ആവശ്യപ്പെടുകയും ചെയ്തത്. അതിനെത്തുടർന്നാണ് ആശമാർക്ക് കേന്ദ്ര സർക്കാർ നൽകുന്ന ഇൻസെന്റീവ് വർദ്ധിപ്പിക്കുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി രാജ്യസഭയിൽ പ്രഖ്യാപിക്കാനിടയായത്. ഏറ്റവും ഒടുവിലായി കേരളത്തിൽ യുഡിഎഫ് നേതൃത്വത്തിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ആശമാരുടെ വേതനത്തിൽ സ്വന്തം നിലയിൽ രണ്ടായിരം രൂപ മുതലുള്ള വർദ്ധനവ് വരുത്തുമെന്ന് പ്രഖ്യാപിക്കുന്നു. ചുരുക്കത്തിൽ ആശമാരുടെ വേതനം വർദ്ധിപ്പിക്കുക എന്നത് ഏറ്റവും ന്യായമായ ആവശ്യമാണെന്ന് പൊതുസമൂഹത്തിനും കേരളത്തിലെ ഇടതു സർക്കാരൊഴികെയുള്ള സർക്കാരുകൾക്കും ബോധ്യപ്പെടുത്താൻ ആശാസമരത്തിന്റെ ശക്തിക്ക് കഴിഞ്ഞു.

30 ദശലക്ഷം തൊഴിലാളികളെ പ്രതിനിധികരിക്കുന്ന പബ്ലിക് സർവ്വീസ് ഇന്റർനാഷണൽ (PSI) എന്ന അന്തർദ്ദേശീയ സംഘടന ആശമാരുടെ പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള മുഖ്യമന്ത്രിക്ക് കത്തയച്ചിരിക്കുന്നു. അന്തർദ്ദേശീയരംഗത്തും ഈ സമരം അലകളുണർത്തുന്നു.

ആശാസമരം തുടങ്ങിയതിനു ശേഷം അംഗനവാടി ടീച്ചർമാർ സെക്രട്ടേറിയറ്റിനു മുന്നിലേക്ക് രാപകൽ സമരവുമായി എത്തിയിരിക്കുന്നു. സമരങ്ങളുടെ ചൂടണഞ്ഞ്, മുതലാളിമാർക്കു വേണ്ടിയുള്ള 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' നയങ്ങൾ നിർബാധം നടമാടുന്ന കേരളത്തിൽ ഇടതു മേലങ്കിയിട്ട മുതലാളിത്ത സേവകരിൽ ഉൾക്കിടിലം സൃഷ്ടിച്ചു കൊണ്ടാണ് ആശാസമരം മുന്നേറുന്നത്. ആശാസമരത്തിന്റെ ആകമാനനേട്ടവും അതു തന്നെ. ■



എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ് നിയമസഭാ മാർച്ചിനെ അഭിസംബോധന ചെയ്യുന്നു.




ആശാസമരത്തെ പിന്തുണച്ച് ശില്പി സി. ഹണി, അനീഷ് തകഴി എന്നിവർ നിർമ്മിച്ച ആശാശിൽപം.









ഡിമാന്റുകൾ അംഗീകരിച്ച് ആശാസമരം ഒത്തുതീർപ്പാക്കണമെന്നാവശ്യപ്പെട്ട് കോട്ടയത്ത് കളക്ട്രേറ്റിലേയ്ക്ക് നടന്ന ബഹുജനമാർച്ച്. കെഎഎച്ച്ഡബ്ല്യുഎ സംസ്ഥാന സമിതി അംഗം കെ.പി.തങ്കമണി കോഴിക്കോട് ഐക്യദാർഢ്യ സംഗമത്തിൽ സംസാരിക്കുന്നു. പെരുമഴയത്ത് ടാർപോളിന്റെ കീഴിൽ ആശമാർ.












സണ്ണി എം.കപിക്കാട് സെക്രട്ടേറിയറ്റിനുമുന്നിലെ സമരപന്തലിൽ ആറാം ദിവസവും നിരാഹാരമിരിക്കുന്ന ആശാനേതാക്കന്മാരെ സന്ദർശിച്ചപ്പോൾ. സമരപന്തലിൽ വൈദ്യപരിശോധനയുമായി ഡോ.കെ.പി.ഗോദകുമാർ. ആശാസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മുണ്ടക്കയത്തു നടന്ന സംഗമത്തിൽഎസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോട്ടയം ജില്ലാകമ്മിറ്റിയംഗം ബെന്നി ദേവസ്യ പ്രസംഗിക്കുന്നു. ആലപ്പുഴയിൽ നടന്ന ആശാപ്രവർത്തകരുടെ ജില്ലാ കൺവൻഷൻ എഐയുറ്റിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് എസ്. സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു.

Volume: 52 No: 1 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Website : kerala.sucicommunist.org, Phone: 0471-3557684. Editor: Jaison Joseph.